**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ വിഭാഗം), നടപടിക്രമങ്ങൾ, തിരുവനന്തപുരം</u>**

**<u>ഹാജർ: ഉമേഷ്.എൻ.എസ്.കെ, ഐ.എ.എസ്</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ് വിഭാഗം – ജീവനക്കാര്യം - ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെയും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരുടെയും, വൊക്കേഷണൽ അദ്ധ്യാപകരുടെയും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെയും 2025-26 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

---

**<u>ജീവനക്കാര്യം (ഇ7) വിഭാഗം</u>**

ഉത്തരവ് നം. വി.എച്ച്.എസ്.ഇ/947/2025-ഇ7 30-08-2025

---

**<u>ഉത്തരവ്</u>**

പരാമർശം :- 1. 29/06/2021 തീയതിയിലെ സ.ഉ.(കൈ) നം. 152/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

2. 24/12/2021 തീയതിയിലെ സ.ഉ.(കൈ) നം. 288/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

3. 06/11/2023 തീയതിയിലെ സ.ഉ.(കൈ) നം. 170/2023/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

4. 19/05/2025തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം

5. 31/05/2025തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

6. 05/07/2025 തീയതിയിലെ എൻ2/94/2024- പൊ.വി.വ നമ്പർ സർക്കാർ കത്ത്.

7. 02/08/2025 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

8. 08/08/2025 തീയതിയിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.No.1404/2025 കേസിന്മേലുള്ള ഉത്തരവ്.

9. 11/08/2025 തീയതിയിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.No.1416/2025 കേസിന്മേലുള്ള ഉത്തരവ്.

–

(1) മുതൽ (3) വരെയുള്ള പരാമർശങ്ങൾ പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗത്തിലെ പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിച്ച് സർക്കാർ ഉത്തരവായിരുന്നു. പരാമർ ശം (4) പ്രകാരം 31/05/2025 ന് ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയവരെ ഓപ്പൺ വേക്കൻസി ആയി കണക്കാക്കി 19.05.2025 ന് വേക്കൻസി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. പരാമർ ശം ( 5 ) പ്രകാരം 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി 31.05.2025 മുതൽ 05.06.2025 വരെ ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു.

പരാമർശം (6) പ്രകാരമുള്ള സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ നിയോഗിച്ച ഡോക്ടർമാർ അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിക്കുകയും അർഹരായവരെ റാങ്ക് ചെയ്യുകയും ചെയ്തിരുന്നു. പൊതുസ്ഥലംമാറ്റ അപേക്ഷകൾ ഓൺലൈൻ ആയി പ്രോസസ് ചെയ്ത് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയ റിട്ടയർമെന്റ് ലിസ്റ്റ്, പ്രയോറിറ്റി ലിസ്റ്റ്, ഹോം സ്റ്റേഷൻ (ഗ്രൂപ്പ് & നോൺ ഗ്രൂപ്പ്) ലിസ്റ്റ്, ത്രോൺ ഔട്ട് (ഗ്രൂപ്പ് & നോൺ ഗ്രൂപ്പ്) ലിസ്റ്റ്, അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റ്, 60% ൽ കൂടുതൽ ഭിന്നശേഷിക്കാരായവരുടെ സ്ഥലംമാറ്റ ലിസ്റ്റ്, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്നവരുടെ ലിസ്റ്റ് തുടങ്ങിയവയുടെ കരട് റാങ്ക് ലിസ്റ്റുകളും, കരട് സ്ഥലംമാറ്റ പട്ടികകളും പരാമർ ശം (7) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്മേലുള്ള പരാതികൾ ഇ-മെയിൽ മുഖേന സമർ പ്പിക്കുന്നതിന് 05.08.2025 വരെ സമയം അനുവദിച്ചിരുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിച്ച എല്ലാ പരാതികളും വിശദമായി പരിശോധിക്കുകയും മാനദണ്ഡപ്രകാരം അർഹമാണെന്ന് കണ്ടെത്തിയ അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെയും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരുടെയും, വൊക്കേഷണൽ അദ്ധ്യാപകരുടെയും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെയും സേവന പുസ്തകം/സ്പാർക്ക് ഡേറ്റ എന്നിവ പ്രിൻസിപ്പൽമാർ പരിശോധിച്ച് അപ്രൂവൽ ചെയ്ത്, www.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്തിമ റാങ്ക് ലിസ്റ്റുകളും അന്തിമ സ്ഥലംമാറ്റ പട്ടികകളും തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെയും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരുടെയും, വൊക്കേഷണൽ അദ്ധ്യാപകരുടെയും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെയും ഓൺലൈൻ അപേക്ഷയിൽ അവകാശപ്പെട്ട മുൻഗണന തെളിയിക്കുന്ന രേഖകളുടെയും ആയതിന്മേൽ പ്രിൻസിപ്പൽ നൽകിയ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് മുൻഗണന നൽകിയിട്ടുള്ളത്. ഏതെങ്കിലും നോൺ വൊക്കേഷണൽ അദ്ധ്യാപകരോ, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരോ, വൊക്കേഷണൽ അദ്ധ്യാപകരോ, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരോ തെറ്റായ വിവരങ്ങൾ

നൽകി മുൻഗണന ആവശ്യപ്പെട്ട് അനർഹമായി സ്ഥലംമാറ്റം നേടിയിട്ടുള്ളതായി പിന്നീട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതും, തെറ്റായ വിവരങ്ങൾ സമർപ്പിച്ച നോൺ വൊക്കേഷണൽ അദ്ധ്യാപകർക്കും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകർക്കും, വൊക്കേഷണൽ അദ്ധ്യാപകർക്കും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കും ആയത് ശുപാർശ ചെയ്ത പ്രിൻസിപ്പാളിനുമെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി.ഷേർളി.കെ.സി, വൊക്കേഷണൽ ഇൻസ്ട്രക്ടർ (സി&ഇ) ശ്രീമതി.സ്മിത.ടി.എസ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ (ഇ.സി.ജി & എ.എം.ടി) എന്നിവർ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിക്കാത്തതിനെതിരെ ഫയൽ ചെയ്ത കേസിന്മേലുള്ള പരാമർശങ്ങൾ (8), (9) എന്നിവയിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവിന് വിധേയായിട്ടായിരിക്കും ടി വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെയും കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി.ബിന്ദു.ജി.എസ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ (സി&ഇ) , ശ്രീമതി.ശ്യാമ.കെ.എസ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ (ഇ.സി.ജി & എ.എം.ടി) എന്നിവരുടെയും പൊതുസ്ഥലംമാറ്റ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്.

നിലവിൽ പ്രസവാവധിയിൽ പ്രവേശിച്ചവർ, 60%-ൽ കൂടുതൽ ഭിന്നശേഷിക്കാരായവർ, 31/05/2027 തീയതിയ്ക്കകം സർവ്വീസിൽ നിന്നും വിരമിക്കുന്നവർ, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്ന ജീവനക്കാർ, മറ്റ് മുൻഗണനാ വിഭാഗക്കാർ തുടങ്ങിയവർ ഓൺലൈൻ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടി മുൻഗണനയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് പൊതുസ്ഥലംമാറ്റത്തിൽ പരിഗണന നൽകിയിട്ടുണ്ട്. നിലവിൽ 31/05/2025 ന് ആകെ സർവ്വീസ് 2 വർഷം മാത്രം പൂർത്തിയാക്കിയ ദുർഘട മേഖലയിലെ സ്കൂളുകളിൽ പുതുതായി ജോലിയിൽ പ്രവേശിച്ചവരുടെയും അപേക്ഷകൾ പൊതുസ്ഥലംമാറ്റത്തിന് പരിഗണിച്ചിട്ടുണ്ട്. 31/05/2027 തീയതിക്കകം വിരമിക്കുന്ന നോൺ വൊക്കേഷണൽ അദ്ധ്യാപകരോ, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരോ, വൊക്കേഷണൽ അദ്ധ്യാപകരോ, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരോ നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ തന്നെയാണ് ആദ്യ ഓപ്ഷൻ നൽകിയിട്ടുള്ളതെങ്കിൽ, ടി ഓപ്ഷനുകളിലേയ്ക്ക് അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹതയുള്ളവർ, 60% ൽ കൂടുതൽ ഭിന്നശേഷിക്കാരായവർ, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്നവർ തുടങ്ങിയ ജീവനക്കാർ അപേക്ഷിച്ചിട്ടില്ലായെങ്കിൽ, അവരെ ആ സ്കൂളിൽ തന്നെ നിലനിർത്തിയിട്ടുണ്ട്. ഒരു അദ്ധ്യാപകന് ഓൺലൈൻ അപേക്ഷയിൽ എത്ര ഓപ്ഷൻ വേണമെങ്കിലും നൽകാമെന്നു പരാമർശം (5) പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത് പ്രയോജനപ്പെടുത്താതെ പരിമിതമായ ഓപ്ഷനുകൾ നൽകിയതു കാരണം ചില നോൺ വൊക്കേഷണൽ അദ്ധ്യാപകർക്കും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകർക്കും, വൊക്കേഷണൽ അദ്ധ്യാപകർക്കും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കും (നിലവിൽ ജോലി ചെയ്യുന്ന ഇവരുടെ

സ്കൂളിലേക്ക് യോഗ്യരായവർ വന്നതിനാൽ) ടിയാളുകളുടെ ഓപ്ഷനുകൾ അല്ലാത്ത സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി സ്കൂളുകളിലെ നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെയും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരുടെയും, വൊക്കേഷണൽ അദ്ധ്യാപകരുടെയും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെയും 2025-26 അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം അന്തിമ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസ് ഉത്തരവ് തീയതി പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു. ബന്ധപ്പെട്ട നോൺ വൊക്കേഷണൽ അദ്ധ്യാപകരും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരും, വൊക്കേഷണൽ അദ്ധ്യാപകരും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരും അന്തിമ റാങ്ക് ലിസ്റ്റ്, അന്തിമ പൊതുസ്ഥലംമാറ്റ ലിസ്റ്റ് (റിട്ടയർമെന്റ് ലിസ്റ്റ്, പ്രയോറിറ്റി ലിസ്റ്റ്, ഹോം സ്റ്റേഷൻ (ഗ്രൂപ്പ് & നോൺ ഗ്രൂപ്പ്) ലിസ്റ്റ്, ത്രോൺ ഔട്ട് (ഗ്രൂപ്പ് & നോൺ ഗ്രൂപ്പ്) ലിസ്റ്റ്, അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റ്, 60% ൽ കൂടുതൽ ഭിന്നശേഷിക്കാരായവരുടെ സ്ഥലംമാറ്റ ലിസ്റ്റ്, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്നവരുടെ ലിസ്റ്റ്) www.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്ഥലംമാറ്റം ലഭിച്ച നോൺ വൊക്കേഷണൽ അദ്ധ്യാപകരെയും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരെയും, വൊക്കേഷണൽ അദ്ധ്യാപകരെയും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെയും ഉടൻ പ്രാബല്യത്തിൽ തന്നെ വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്യപ്പെട്ട നോൺ വൊക്കേഷണൽ അദ്ധ്യാപകരെയും, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരെയും, വൊക്കേഷണൽ അദ്ധ്യാപകരെയും, വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെയും പോർട്ടൽ മുഖാന്തിരം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഓഫ് ബോർഡ് ചെയ്യേണ്ടതാണ്. ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം ആയത് www.vhseportal.kerala.gov.in സൈറ്റിൽ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ 2025-26 വർഷത്തെ അന്തിമ പൊതുസ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റ്, 60%-ൽ കൂടുതൽ ഭിന്നശേഷിക്കാരായവർ ഉൾപ്പെട്ട ലിസ്റ്റ്, റിട്ടയർമെന്റ് ലിസ്റ്റ്, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്ന ജീവനക്കാർ ഉൾപ്പെട്ട ലിസ്റ്റ്, മുൻഗണനാ വിഭാഗക്കാർ ഉൾപ്പെട്ട ലിസ്റ്റ് തുടങ്ങിയ ലിസ്റ്റുകളിൽ സ്ഥലംമാറ്റം ലഭിച്ച ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരെ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ വിടുതൽ ചെയ്യാൻ പാടുള്ളൂ.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട നോൺ വൊക്കേഷണൽ അദ്ധ്യാപകർ, നോൺ വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകർ, വൊക്കേഷണൽ അദ്ധ്യാപകർ, വൊക്കേഷണൽ ഇൻസ്ട്രക്ടർമാർ
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ.
3. ബന്ധപ്പെട്ട മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർ.
4. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Signed by
Umesh N S K
Date: 30-08-2025 17:28:55